"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - കോഴിക്കോട് ജില്ലയിൽ രാമനാട്ടുകര വില്ലേജിൽ സർവ്വേ നമ്പർ 404/1 (റീ.സർവ്വേ നമ്പർ. 236/2)ൽപ്പെട്ട 2 ഏക്കർ 40 സെന്റ് നിലം ഭൂമി കളിസ്ഥലം നിർമ്മിക്കുന്നതിലേയ്ക്കായി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

സ.ഉ.(കൈ) നം.7/2025/AGRI   തീയതി,തിരുവനന്തപുരം, 27-01-2025

---

പരാമർശം:- 1. തദ്ദേശസ്വയം ഭരണ വകുപ്പ് മുഖേന ലഭിച്ച രാമനാട്ടുകര മുനിസിപ്പാലിറ്റി ചെയർമാന്റെ 19.07.2016-ലെ എ1-10027/10 നമ്പർ കത്ത്.

2. 24.10.2017-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

3. 29.01.2018-ലെ സംസ്ഥാനതല സമിതി യോഗ തീരുമാനം.

4. ബഹു.പൊതുമരാമത്ത്, വിനോദ സഞ്ചാരവും വകുപ്പ് മന്ത്രിയുടെ 15.06.2024-ലെ 371/MIN(W&T)/2024 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര മുനിസിപ്പാലിറ്റിയിൽ കളിസ്ഥലം നിർമ്മിക്കുന്നതിന് രാമനാട്ടുകര വില്ലേജിൽ റീ.സർവ്വേ നമ്പർ. 236/2-ൽപ്പെട്ട 2 ഏക്കർ 40 സെന്റ് നെൽപ്പാടം തരം മാറ്റുന്നതിന് രാമനാട്ടുകര മുനിസിപ്പാലിറ്റി ചെയർമാൻ പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതിയുടെ 24.10.2017-ൽ കൂടിയ യോഗത്തിൽ പരിഗണിക്കുകയും, സ്ഥല പരിശോധന നടത്താൻ തീരുമാനിക്കുകയും ചെയ്തു. രാമനാട്ടുകര കൃഷി ഓഫീസർ, രാമനാട്ടുകര വില്ലേജ് ഓഫീസർ എന്നിവരുടെ സാന്നിധ്യത്തിൽ, സംസ്ഥാനതല സമിതി അംഗം ഡോ.പി.ഒ.നമീർ സ്ഥലപരിശോധന നടത്തുകയും , രാമനാട്ടുകരയിൽ കളിസ്ഥലം നിർമ്മിക്കുന്ന നിർദ്ദിഷ്ട സ്ഥലം രാമനാട്ടുകര വില്ലേജിലെ 404/1 എന്ന സർവ്വേ നമ്പറിൽ ഡാറ്റാ ബാങ്കിൽ നെൽവയലായി ഉൾപ്പെടുത്തി, BTR-ൽ 'നിലം' എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെന്നും, ഈ സ്ഥലത്ത് ഒരു റോഡ് നിർമ്മിക്കുന്നുണ്ടെന്നും നിർദ്ദിഷ്ട ഭൂമി ഒരു പ്രധാന തണ്ണീർത്തട പ്രദേശമാണെന്നും പ്രസ്തുത ഭൂമിയിൽ ഒരു കളിസ്ഥലം നിർമ്മിക്കാൻ അനുമതി നൽകിയാൽ അത് വിനാശകരമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുമെന്നും, ഈ സ്ഥലത്തും പരിസരത്തും കുടിവെള്ളക്ഷാമത്തിനും ഇടയാക്കുകയും ചെയ്യുമെന്നും സർക്കാരിന്റെ നിലവിലെ നയം അനുസരിച്ച് പ്രസ്തുത പ്രദേശങ്ങളിൽ നെൽകൃഷി ആരംഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും സമിതി അംഗം സ്ഥലപരിശോധന നടത്തി നിർദ്ദേശിക്കുകയുണ്ടായി. അതിനാൽ കളിസ്ഥലം നിർമ്മിക്കുന്നതിന് 2 ഏക്കർ 40 സെന്റ് സ്ഥലം തരംമാറ്റുന്നതിന് അനുമതി നൽകരുതെന്ന് സംസ്ഥാനതല സമിതി 29.01.2018-ൽ കൂടിയ യോഗത്തിൽ തീരുമാനിക്കുയുണ്ടായി.

2. രാമനാട്ടുകരയിൽ സ്റ്റേഡിയം നാട്ടുകാരുടെ ഏറെക്കാലമായുള്ള ആവശ്യമാണ് എന്നും നിലവിൽ മറ്റൊരു കളിസ്ഥലം ഇല്ലെന്നും പൊതജനങ്ങളുടെ താല്പര്യം കണക്കിലെടുത്ത് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പാശ്ചാത്തലത്തിൽ പൊതുജനങ്ങളുടെ താല്പര്യപ്രകാരം സ്റ്റേഡിയം നിർമ്മിക്കണമെന്ന രാമനാട്ടുകര നഗരസഭയുടെ അപേക്ഷ പുന:പരിശോധിക്കുന്നതിന് പരാമർശം (4) പ്രകാരം പൊതുമരാമത്ത് ടൂറിസം വകുപ്പ് ആവശ്യപ്പെടുകയുണ്ടായി. നിർദ്ദിഷ്ട നിർമ്മാണം തദ്ദേശ സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിലായതും പൊതുമരാമത്ത് ടൂറിസം നിർദ്ദേശവും പരിഗണിച്ച് പൊതു ആവശ്യത്തിന്റെ നിർവചനത്തിൽ നിർദ്ദേശം അംഗീകരിക്കുവാൻ തീരുമാനിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിൽ രാമനാട്ടുകര വില്ലേജിൽ സർവ്വേ നം.404/1 (റീ.സർവ്വേ നം.236/2)ൽപ്പെട്ടതും, ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതുമായ 2 ഏക്കർ 40 സെന്റ് നിലം, കളിസ്ഥലം നിർമ്മിക്കുന്നതിലേയ്ക്കായി 'പൊതു ആവശ്യം' എന്ന നിലയിൽ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരിവർത്തനപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(എ) നിർദ്ദിഷ്ട കളിസ്ഥല നിർമ്മാണം സമീപപ്രദേശത്തെ കാർഷിക പ്രവർത്തനങ്ങൾക്കും, കൃഷിയ്ക്കും ജലവിതാനത്തിനും നാശം സംഭവിക്കാതിരിക്കുന്ന വിധത്തിൽ നിർമ്മാണ പ്രവർത്തനം നടത്തേണ്ടതാണ്.

(ബി) പരിവർത്തനപ്പെടുത്തുന്ന ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ അധികമായതിനാൽ 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ വകുപ്പ് 10(2) പ്രകാരം, പരിവർത്തനപ്പെടുത്തുന്ന ഭൂമിയുടെ 10% ജലസംരക്ഷണത്തിതനായി നീക്കി വെയ്ക്കേണ്ടതാണ്.

(സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ പൊതു ആവശ്യത്തിനായി നിലം പരിവർത്തനപ്പെടുത്തുമ്പോൾ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനു വേണ്ടി നിഷ്കർഷിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും പാലിക്കുന്നുണ്ടെന്ന് കോഴിക്കോട് ജില്ലാ കളക്ടർ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ.ബി.അശോക്.ഐ.എ.എസ്
PRINCIPAL SECRETARY & APC

1.സെക്രട്ടറി, രാനാട്ടുകര മുനിസിപ്പാലിറ്റി, രാമനാട്ടുകര, കോഴിക്കോട്.
2.ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
3.ജില്ലാ കളക്ടർ, കോഴിക്കോട്.
4.ഡോ.പി.ഒ.നമീർ, ഡീൻ, കോളേജ് ഓഫ് ക്ലൈമറ്റ് ചേഞ്ച് & എൻവയോൺമെന്റൽ സയൻസ്, കാർഷിക സർവ്വകലാശാല, തൃശ്ശൂർ.
5.ഡോ.അനു.ജി കൃഷ്ണൻ, പ്രൊഫസർ, ഹോർട്ടികൾച്ചർ, റിജയണൽ അഗ്രിക്കൾച്ചർ റിസർച്ച് സ്റ്റേഷൻ (RARS), കുമരകം, കോട്ടയം.

6.പ്രിൻസിപ്പൽ കൃഷി ഓഫീസർ, കോഴിക്കോട്.

7.കൃഷി ഓഫീസർ, കൃഷി ഭവൻ, രാമനാട്ടുകര, കോഴിക്കോട്.

8.വില്ലേജ് ഓഫീസർ, രാമനാട്ടുകര, കോഴിക്കോട്.

9.പൊതുഭരണ (എസ്.സി) വകുപ്പ് [22.01.2025-ലെ മന്ത്രിസഭാ യോഗ തീരുമാനം ഇനം. നമ്പർ.2647 പ്രകാരം]

10.വിവര പൊതുജന സമ്പർക്ക വകുപ്പ് [പ്രസിദ്ധീകരണത്തിന)

11.കരുതൽ ഫയൽ / ഓഫീസ് കോപ്പി [ഫയൽ നം.NCA3/215/2024-AGRI].

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:

1.ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്.

2.കാർഷികോൽപ്പാദന കമ്മീഷണർ/കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.

രഹസ്യം

**കേരള സർക്കാർ**

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : **22-01-2025**

ഫയൽ നം. കൃഷി-എൻ.സി.എ3/215/2024/കൃഷി. ഇനം നം: 2647

വിഷയം : കൃഷി വകുപ്പ് - കോഴിക്കോട് ജില്ലയിൽ രാമനാട്ടുകര വില്ലേജിൽ സർവ്വേ നം.404/1 (റീ.സർവ്വേ നം.236/2)-ൽപ്പെട്ടതും, ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതുമായ 2 ഏക്കർ 40 സെന്റ് നിലം, കളിസ്ഥലം നിർമ്മിക്കുന്നതിലേയ്ക്കായി പരിവർത്തനപ്പെടുത്തുന്നതിന് രാമനാട്ടുകര മുനിസിപ്പാലിറ്റി ചെയർമാൻ സമർപ്പിച്ച അപേക്ഷയിന്മേൽ സംസ്ഥാനതല സമിതിയുടെ റിപ്പോർട്ടിനെ മറികടന്ന് അനുമതി നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്.

25/1/2025

25/1/25

2647

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | കൃഷി-എൻ.സി.എ 3/215/2024-കൃഷി |
| 2 | വകുപ്പ് | : | കൃഷി (എൻ.സി.എ) വകുപ്പ് |
| 3 | വിഷയം | : | കോഴിക്കോട് ജില്ലയിൽ രാമനാട്ടുകര വില്ലേജിൽ സർവ്വേ നം.404/1 (റീ.സർവ്വേ നം.236/2) ൽപ്പെട്ടതും, ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതുമായ 2 ഏക്കർ 40 സെന്റ് നിലം, കളിസ്ഥലം നിർമ്മിക്കുന്നതിലേയ്ക്കായി പരിവർത്തനപ്പെടുത്തുന്നതിന് രാമനാട്ടുകര മുനിസിപ്പാലിറ്റി ചെയർമാൻ സമർപ്പിച്ച അപേക്ഷയിന്മേൽ സംസ്ഥാനതല സമിതിയുടെ റിപ്പോർട്ടിനെ മറികടന്ന് അനുമതി നൽകുന്നതു സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 06/12/2024 |
| 5 | i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ?<br>ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : | ശ്രീമതി .അഞ്ജലി.വി.എസ് |
| 8 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് . | : | ശ്രീ.ബാലഗോപാൽ. കെ.കെ |
| 9 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ.ബി.അശോക് |
| 10 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 23.12.2024 |
| 11 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.ശാരദാ മുരളീധരൻ |
| 12 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 15.01.2025 |
| 13 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പി.പ്രസാദ് |
| 14 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 20.01.2025 |
| 15 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 20.01.2025 |
| 16 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 17 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : | |

<u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

കോഴിക്കോട് ജില്ലയിൽ രാമനാട്ടുകര വില്ലേജിൽ സർവ്വേ നം.404/1 (റീ.സർവ്വേ നം.236/2) ൽപ്പെട്ടതും, ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതുമായ 2 ഏക്കർ 40 സെന്റ് നിലം, കളിസ്ഥലം നിർമ്മിക്കുന്നതിലേയ്ക്കായി പരിവർത്തനപ്പെടുത്തുന്നതിന് രാമനാട്ടുകര മുനിസിപ്പാലിറ്റി ചെയർമാൻ സമർപ്പിച്ച അപേക്ഷയിന്മേൽ സംസ്ഥാനതല സമിതിയുടെ റിപ്പോർട്ടിനെ മറികടന്ന് മന്ത്രിസഭാ അനുമതി നൽകുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം.

2. കോഴിക്കോട് ജില്ലയിലെ രാമനാട്ടുകര മുനിസിപ്പാലിറ്റിയിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 2 ഏക്കർ 40 സെന്റ് നെൽപ്പാടം തരം മാറ്റുന്നതിന് രാമനാട്ടുകര മുനിസിപ്പാലിറ്റി ചെയർമാൻ സമർപ്പിച്ച അപേക്ഷ, 2008 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 8 പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതിയുടെ 24.10.2017 ൽ കൂടിയ യോഗത്തിൽ പരിഗണിക്കുകയും സ്ഥലപരിശോധന നടത്താൻ തീരുമാനിക്കുകയും ചെയ്തു. രാമനാട്ടുകര കൃഷി ഓഫീസർ, രാമനാട്ടുകര വില്ലേജ് ഓഫീസർ എന്നിവരുടെ സാന്നിധ്യത്തിൽ, *സംസ്ഥാനതല സമിതി അംഗം ഡോ.പി.ഒ.നമീർ സ്ഥലപരിശോധന നടത്തുകയും,* കോഴിക്കോട് ജില്ലയിലെ രാമനാട്ടുകരയിൽ കളിസ്ഥലം നിർമ്മിക്കുന്ന നിർദ്ദിഷ്ട സ്ഥലം രാമനാട്ടുകര വില്ലേജിലെ 404/1 എന്ന സർവ്വേ നമ്പറിൽ ഡാറ്റാ ബാങ്കിൽ നെൽവയലായി ഉൾപ്പെടുത്തി, BTR ൽ 'നിലം' എന്നും രേഖപ്പെടുത്തിയിട്ടുണ്ട് എന്നും, ഈ സ്ഥലത്ത് ഒരു റോഡ് നിർമ്മിക്കുന്നുണ്ടെന്നും *നിർദ്ദിഷ്ട ഭൂമി ഒരു പ്രധാന തണ്ണീർത്തട പ്രദേശമാണെന്നും പ്രസ്തുത ഭൂമിയിൽ ഒരു കളിസ്ഥലം നിർമ്മിക്കാൻ അനുമതി നൽകിയാൽ അത് വിനാശകരമായ പാരിസ്ഥിതിക പ്രത്യാഘാതങ്ങൾക്ക് ഇടയാക്കുമെന്നും, ഈ സ്ഥലത്തും പരിസരത്തും കുടിവെള്ളക്ഷാമത്തിനും ഇടയാക്കുകയും ചെയ്യുമെന്നും സർക്കാരിന്റെ നിലവിലെ നയം അനുസരിച്ച് പ്രസ്തുത പ്രദേശങ്ങളിൽ നെൽകൃഷി*

*ആരംഭിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും സമിതി അംഗം സ്ഥലപരിശോധന നടത്തി നിർദ്ദേശിക്കുകയുണ്ടായി. അതിനാൽ കളിസ്ഥലം നിർമ്മിക്കുന്നതിന് 2 ഏക്കർ 40 സെന്റ് സ്ഥലം തരംമാറ്റുന്നതിന് അനുമതി നൽകരുതെന്ന് സർക്കാരിൽ റിപ്പോർട്ട് നൽകാൻ 29.01.2018 ൽ ചേർന്ന സംസ്ഥാനതല സമിതി തീരുമാനിക്കുകയും ചെയ്തു.*

3. 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിന്റെ 10-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം, "3-ാം വകുപ്പിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, സർക്കാരിന് അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ, പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ മാത്രം, ടി ആക്റ്റിലെ വ്യവസ്ഥകളിൽ നിന്നും ഒഴിവാക്കിക്കൊടുക്കാവുന്നതും, അത് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതുമാണ്." കൂടാതെ പ്രസ്തുത ഭേദഗതി നിയമം വകുപ്പ് 10(2) പ്രകാരം, സർക്കാരിന്, സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് പരിഗണിച്ചതിനുശേഷം, അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ ചേർന്നുകിടക്കുന്ന നെൽവയലിലെ നെൽകൃഷി, ഏതെങ്കിലും ഉണ്ടെങ്കിൽ, അതിനെയോ അതിലേയ്ക്കുള്ള സുഗമമായ നീരൊഴുക്കിനെയോ പ്രതികൂലമായി ബാധിക്കുകയില്ല എന്ന് അഭിപ്രായമുള്ളപക്ഷം, അപ്രകാരമുള്ള ഒഴിവാക്കൽ അനുവദിക്കാവുന്നതാണ്: എന്നാൽ, ഒഴിവാക്കൽ അനുവദിക്കപ്പെട്ട ഭൂമിയിൽ ആവശ്യമായ അനുയോജ്യ ജലസംരക്ഷണ നടപടികൾ അപേക്ഷകൻ സ്വീകരിച്ചിട്ടുണ്ട് എന്ന് സർക്കാർ ഉറപ്പുവരുത്തേണ്ടതാണ്; എന്നുമാത്രമല്ല, ഒഴിവാക്കൽ അനുവദിക്കപ്പെട്ട ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ അധികമാണെങ്കിൽ, അപ്രകാരമുള്ള ഭൂമിയുടെ പത്ത് ശതമാനം ജലസംരക്ഷണ നടപടികൾക്കായി നീക്കിവയ്ക്കേണ്ടതാണ്."

4. രാമനാട്ടുകരയിൽ സ്റ്റേഡിയം നാട്ടുകാരുടെ ഏറെക്കാലമായുള്ള ആവശ്യമാണെന്നും നിലവിൽ മറ്റൊരു കളിസ്ഥലം ഇല്ലെന്നും പൊതുജനങ്ങളുടെ താല്പര്യം കണക്കിലെടുത്ത് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പാശ്ചാത്തലത്തിൽ പൊതുജനങ്ങളുടെ താൽപര്യപ്രകാരം സ്റ്റേഡിയം നിർമ്മിക്കണമെന്ന രാമനാട്ടുകര നഗരസഭയുടെ അപേക്ഷ പുനഃപരിശോധിക്കുന്നതിന് ബഹു. പൊതുമരാമത്തും, ടൂറിസവും വകുപ്പ് മന്ത്രി ബഹു. കൃഷി വകുപ്പ് മന്ത്രിയോട് ആവശ്യപ്പെടുകയുണ്ടായി.

5. സംസ്ഥാനതല സമിതി പ്രസ്തുത പരിവർത്തനപ്പെടുത്തൽ/രൂപാന്തരപ്പെടുത്തൽ ആവശ്യം ശുപാർശ ചെയ്യാത്തതിനാൽ, 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ വകുപ്പ് 10(2) പ്രകാരം, സർക്കാരിന്, സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് പരിഗണിച്ചതിനുശേഷം, അപ്രകാരമുള്ള പരിവർത്തനപ്പെടുത്തലോ രൂപാന്തരപ്പെടുത്തലോ ചേർന്നു കിടക്കുന്ന നെൽവയലിലെ നെൽകൃഷി ഏതെങ്കിലും ഉണ്ടെങ്കിൽ അതിനെയോ അതിലേക്കുള്ള സുഗമമായ നീരൊഴുക്കിനെയോ പ്രതികൂലമായി ബാധിക്കുകയില്ല എന്ന് അഭിപ്രായമുള്ള പക്ഷം പൊതു ആവശ്യം എന്ന നിലയിൽ സർക്കാരിന് ഒഴിവാക്കൽ അനുവദിക്കാവുന്നതാണ്.

6. ആയതിന്റെ അടിസ്ഥാനത്തിൽ, കോഴിക്കോട് ജില്ലയിൽ രാമനാട്ടുകര വില്ലേജിൽ സർവ്വെ നമ്പർ 404/1 (റീ. സർവ്വെ നമ്പർ 236/2) ൽ ഡാറ്റാബാങ്കിൽ ഉൾപ്പെട്ട 2 ഏക്കർ 40 സെന്റ് നിലം പരിവർത്തനപ്പെടുത്തി കളിസ്ഥലം നിർമ്മിക്കുന്നതിന് സംസ്ഥാനതല സമിതിയുടെ റിപ്പോർട്ട് മറികടന്ന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം അനുശാസിക്കുന്ന നിബന്ധനകൾക്ക് വിധേയമായി പൊതു ആവശ്യം എന്ന ഗണത്തിൽ ഉൾപ്പെടുത്തി പരിവർത്തനാനുമതി നൽകുന്ന കാര്യത്തിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ ആയത് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

കോഴിക്കോട് ജില്ലയിൽ രാമനാട്ടുകര വില്ലേജിൽ സർവ്വേ നം.404/1 (റീ.സർവ്വേ നം.236/2) ൽപ്പെട്ടതും, ഡാറ്റാബാങ്കിൽ ഉൾപ്പെട്ടതുമായ 2 ഏക്കർ 40 സെന്റ് നിലം, കളിസ്ഥലം നിർമ്മിക്കുന്നതിലേയ്ക്കായി പരിവർത്തനപ്പെടുത്തുന്നതിന് രാമനാട്ടുകര മുനിസിപ്പാലിറ്റി ചെയർമാൻ സമർപ്പിച്ച അപേക്ഷയിന്മേൽ സംസ്ഥാനതല സമിതിയുടെ റിപ്പോർട്ടിനെ മറികടന്ന് 'പൊതു ആവശ്യം' എന്ന നിലയിൽ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി പരിവർത്തനപ്പെടുത്തുവാൻ അനുമതി നൽകാമോ;

എ) നിർദ്ദിഷ്ട കളിസ്ഥല നിർമ്മാണം സമീപപ്രദേശത്തെ കാർഷിക പ്രവർത്തനങ്ങൾക്കും, കൃഷിയ്ക്കും ജലവിതാനത്തിനും നാശം സംഭവിക്കാതിരിക്കുന്ന വിധത്തിൽ നിർമ്മാണ പ്രവർത്തനം നടത്തേണ്ടതാണ്.

ബി) പരിവർത്തനപ്പെടുത്തുന്ന ഭൂമിയുടെ വിസ്തീർണ്ണം 20.2 ആറിൽ അധികമായതിനാൽ, 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമത്തിലെ വകുപ്പ് 10(2) പ്രകാരം, പരിവർത്തനപ്പെടുത്തുന്ന ഭൂമിയുടെ 10% ജലസംരക്ഷണത്തിനായി നീക്കി വെയ്ക്കേണ്ടതാണ്.

സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ പൊതു ആവശ്യത്തിനായി നിലം പരിവർത്തനപ്പെടുത്തുമ്പോൾ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനു വേണ്ടി നിഷ്കർഷിച്ചിട്ടുള്ള എല്ലാ വ്യവസ്ഥകളും പാലിക്കുന്നുണ്ടെന്ന് കോഴിക്കോട് ജില്ലാ കളക്ടർ ഉറപ്പാക്കേണ്ടതാണ്.